നമ്പർ: ഇ4/6216/14

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി 08-08-2014

## പരിപത്രം

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം - വിവരം ലഭ്യമാക്കുന്നതു സംബന്ധിച്ച്.

സൂചന:-

സാമൂഹ്യനീതി വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിനു പരിഗണിക്കുന്നതിനായി, നിലവിൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ളതും, വകുപ്പുതല പരീക്ഷകൾ വിജയിക്കുകയും ചെയ്തിട്ടുള്ള ക്ലാർക്കുമാർ അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ള ഉത്തരവിന്റെയും, വകുപ്പുതല പരീക്ഷ യോഗ്യത നേടിയ സർട്ടിഫിക്കറ്റിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കാര്യാലയ മേധാവി മുഖേന 25-09-2014 തീയതിയ്ക്കു മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഇങ്ങനെ രേഖകൾ ഹാജരാക്കുന്ന ജീവനക്കാരുടെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി നമ്പർ കൂടി ആമുഖ കത്തിൽ സൂചിപ്പിക്കേണ്ടതാണ്. 25-09-2014 തീയതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും ഉദ്യോഗക്കയറ്റത്തിന് പരിഗണിക്കുന്നതല്ല എന്ന വിവരവും അറിയിക്കുന്നു. തങ്ങളുടെ അപേക്ഷകൾ യഥാസമയം നടപടികൾക്കായി ലഭ്യമാക്കിയിട്ടുണ്ട് എന്ന വിവരം ബന്ധപ്പെട്ട എല്ലാ ജീവനക്കാരും ഉറപ്പുവരുത്തേണ്ടതുമാണ്.

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ കീഴ്കാര്യാലയമേധാവികൾക്കും.

JBS/14